# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2223
## 18.03.2015 ലെ മറുപടിക്ക്

2013-14,2014-15 വർഷങ്ങളിലെ എം.എൽ.എ മാരുടെ ആസ്തി വികസന സ്കീം.

| ചോദ്യം. | ഉത്തരം. |
| --- | --- |
| ശ്രീ.എ.കെ. ബാലൻ | ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) 2013-14, 2014-15 വർഷങ്ങളിൽ എം.എൽ.എ മാരുടെ ആസ്തി വികസന സ്കീം പ്രകാരം എം.എൽ.എ മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് (കെട്ടിടങ്ങൾ) ധനകാര്യ വകുപ്പ് ഭരണപരമായ ആവിശ്യകത ആരാഞ്ഞ് Financial concurrence നൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം എം.എൽ.എ മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്കാണ് concurrence നൽകാതിരുന്നത്;<br>(ബി) ഏതെങ്കിലും എം.എൽ.എ മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് (കെട്ടിടങ്ങൾ) ഭരണപരമായ ആവിശ്യകത ആരായാതെ Financial concurrence നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം എം.എൽ.എ മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്കാണ് concurrence നൽകിയതെന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്തു തുകയാണ് വായ്പയായി നല്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(സി) ആസ്തി വികസന സ്കീം സംബന്ധിച്ച സർക്കാർ ഉത്തരവുകളിൽ പ്രവൃത്തികളുടെ ഭരണപരമായ ആവശ്യകത സംബന്ധിച്ച വിശദീകരണം എസ്റ്റിമേറ്റുകളോടൊപ്പം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;<br>(ഡി) ഇല്ലെങ്കിൽ ഇപ്രകാരം ക്വറി ഇട്ട് പ്രവർത്തികൾക്ക് Financial concurrence നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br>(ഇ) Financial concurrence നൽകാതെ എസ്റ്റിമേറ്റുകൾ മടക്കുന്ന ധനകാര്യ വകുപ്പ് ആ കാര്യ പ്രവൃത്തികൾ നിർദ്ദേശിച്ച എം.എൽ.എ മാരെ അറിയിക്കാറുണ്ടോ; എങ്കിൽ ഏതെല്ലാം എം.എൽ.എ മാരെ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ആസ്തി വികസന പദ്ധതിയുടെ കീഴിൽ മൂലധന സ്വഭാവമുള്ളതും പൊതുജനോപയോഗപ്രദവുമായതും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ സ്ഥിരം ആസ്തികളുടെ സൃഷ്ടിയാണ് ലക്ഷ്യമിടുന്നത്. എം.എൽ.എ യുടെ നിർദ്ദേശപ്രകാരം ഭരണ വകുപ്പ് ശുപാർശചെയ്ത് ധനവകുപ്പിലേക്ക് അനുമതിയ്ക്കായി അയയ്ക്കുന്ന പ്രവൃത്തികളുടെ വ്യക്തമായ വിശദാംശങ്ങൾ പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കണമെന്ന് പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം നിർദ്ദേശിക്കുന്ന പ്രവൃത്തികൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടതാണെങ്കിൽ ആയതു സംബന്ധിച്ച് തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ നിലവിൽ കെട്ടിടമുണ്ടെങ്കിൽ ആയതിന്റെ അവസ്ഥ, നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആവർത്തന ചെലവുകൾ ഉണ്ടായിട്ടുണ്ടോ, മതപരമായ ആവശ്യത്തിനോ, ഏതെങ്കിലും ഒരു വിഭാഗത്തിനു പ്രയോജനം ലഭിക്കുന്ന പ്രവൃത്തികളാണോ എന്നീ വിശദാംശങ്ങൾ പദ്ധതി റിപ്പോർട്ടിൽ വ്യക്തമാക്കാത്ത നിരവധി ഫയലുകളിൽ ധന വകുപ്പ് ഭരണപരമായ ആവശ്യകത ആവശ്യപ്പെടാറുണ്ട്.<br>ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ധനവകുപ്പിൽ ലഭിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങൾക്ക് ചട്ടപ്രകാരം ധനാനുമതി നൽകാറുണ്ട്. ഭരണപരമായ ആവശ്യകത ഉണ്ടെന്ന് ബോദ്ധ്യപ്പെട്ട് ധനാനുമതിയും ഭരണാനുമതിയും നൽകിയ കേസുകളിൽ പിന്നീട് സാങ്കേതിക കാരണങ്ങളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി റദ്ദാക്കുന്നതിനും മാറ്റി നിർദ്ദേശിക്കുന്നതിനുമൊക്കെ അനുമതി ആവശ്യപ്പെടാറുണ്ട്.<br>ഇങ്ങനെയൊക്കെയുള്ള സാഹചര്യങ്ങൾ കണക്കിലെടുത്താണ് പ്രവൃത്തി നിർദ്ദേശങ്ങളിൽ കൂടുതൽ വ്യക്തത ആവശ്യപ്പെടാറുള്ളത്. |

| | | |
|---|---|---|
| | | സർക്കാരിന് അധിക തുടർ സാമ്പത്തിക ബാദ്ധ്യത ഉണ്ടാവാത്ത രീതിയിൽ പദ്ധതികൾ നടപ്പാക്കുന്ന വിഷയം ധന വകുപ്പ് പരിശോധിക്കേണ്ടതുണ്ട്.<br>എം.എൽ.എ മാർ ധനകാര്യ മന്ത്രിക്ക്/സെക്രട്ടറിക്ക സമർപ്പിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങൾ നിരസിക്കപ്പെടുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട എം.എൽ.എ മാരെ അറിയിക്കാറുണ്ട്. ഭരണ വകുപ്പ് വഴി ലഭിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങളിൽ മറുപടി നൽകുന്നത് ബന്ധപ്പെട്ട വകുപ്പാണ്. |

**സെക്ഷൻ ഓഫീസർ**